# സർക്കുലർ

189/NSS/DHSE/2017 19 /03/2018

നാഷണൽ സർവ്വീസ് സ്കീമിന്റെ രജത ജൂബിലിയുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായ രജത ഭവനത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി പുരോഗമിക്കുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ കേരള സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം നടക്കുന്ന ഭവനങ്ങൾ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ പ്രോഗ്രാം ഓഫീസർമാരും പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർന്നും ഭവന നിർമ്മാണം ആസൂത്രണം ചെയ്യാൻ കഴിയുന്ന യൂണിറ്റുകൾ ടി പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്. അതിനാവശ്യമായ സാങ്കേതിക സഹായം എൻഎസ് സെല്ലിൽ നിന്നും ലഭിക്കുന്നതാണ്.

ഇതുവരെ സമർപ്പിക്കപ്പെട്ട വീടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന പെർഫോമയിൽ വീടിന്റെ കളർ ഫോട്ടോയും ഉൾപ്പെടെ പ്രോഗ്രാം ഓഫീസർമാർ ജില്ലാ കൺവീനർ മുഖാന്തിരം ഏപ്രിൽ 2ന് എൻഎസ്എസ് സെല്ലിൽ എത്തിക്കേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ഏറ്റവും പ്രധാനപ്പെട്ട ജനസേവന പരിപാടിയിൽ ഈ വർഷം വീട് ലഭിച്ചവരുടെയും നൽകിയവരുടെയും സംഗമം ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ച് വിപുലമായ പരിപാടിയായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതുവരെ പൂർത്തിയായതും താക്കോൽ വിതരണം നടക്കാത്തതുമായ വീടുകളുടെ താക്കോൽ വിതരണവും ഇതോടൊപ്പം സംഘടിപ്പിക്കുന്നു. ഇപ്പോൾ പൂർത്തിയായി വരുന്ന വീടുകളുടെ വിവരം ജില്ലാ കൺവീനർമാർ ഉടനെ എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്.

| സ്കൂളിന്റെ പേര് , ജില്ല | വീട് ലഭിച്ച വ്യക്തിയുടെ പേര് | വീട് ലഭിച്ച വ്യക്തിയുടെ വിലാസം ഫോൺ നം. | വീടിന്റെ വിസ്തീർണ്ണം (ചതുരശ്ര അടി) | വീടിന് ചിലവായ തുക | വീട് നിർമ്മിക്കുന്നതിന് വോളന്റിയർമാർ വിനിയോഗിച്ച ആകെ സമയം |
|---|---|---|---|---|---|
| | | | | | |
| | | | | | |

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോർഡിനേറ്റർ